# സുന്നത്ത് നമസ്കാരങ്ങൾ (i)

അഞ്ചു നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് പുറമേ സുന്നത്തായ ചില നമസ്കാരങ്ങൾ കൂടി നബി(സ) നമുക്കു പഠിപ്പിച്ചുതന്നിട്ടുണ്ട്. ഉപേക്ഷിക്കുന്നത് കുറ്റമല്ലാത്തതും അനുഷ്ഠിക്കുന്നത് പുണ്യവുമായ കാര്യത്തിനാണല്ലോ സുന്നത്തായ കർമം എന്നു പറയുന്നത്.

നമ്മുടെ ഫർദ് നമസ്കാരങ്ങളിൽ പല ന്യൂനതകളുമുണ്ടായിരിക്കും. ആ കുറവുകൾ നികത്തുവാൻ സുന്നത്തു നമസ്കാരങ്ങൾ കുറേയൊക്കെ സഹായകമായിത്തീരുന്നതാണ്. സുന്നത്തു നമസ്കാരങ്ങൾ അധികരിപ്പിക്കുക വഴി നാം അല്ലാഹുവിങ്കലേക്ക് കൂടുതൽ കൂടുതൽ അടുപ്പമുള്ളവരായിത്തീരുന്നു.

നബി(സ) സാധാരണയായി അനുഷ്ഠിച്ചുകൊണ്ടിരുന്ന ഏതാനും സുന്നത്തു നമസ്കാരങ്ങളെക്കുറിച്ച് മാത്രമേ ഇവിടെ വിവരിക്കുന്നുള്ളൂ.

## 'റവാത്തിബ്' (الرَّوَاتِبُ)

റവാതിബ് സുന്നത്തുകളിൽ വളരെ ശ്രേഷ്ഠവും പ്രധാനവുമായത് പത്ത് റക്അത്ത് നമസ്കാരമാകുന്നു: ظهر ന്റെ മുമ്പും ശേഷവും ഈരണ്ടു റക്അത്തുകൾ, مغرب ന്റെയും عشاء ന്റെയും ശേഷം ഈരണ്ടു റക്അത്തുകൾ, صبح ന്റെ മുമ്പ് രണ്ട് റക്അത്ത്.

സാധാരണ നിത്യകർമമെന്നോണം ഫർദു നമസ്കാരങ്ങളുടെ കൂടെ അനുഷ്ഠിച്ചുപോരുന്നതുകൊണ്ടാണ് ഇവയ്ക്ക് 'റവാതിബ്' എന്നു പറയുന്നത്. 'നിത്യമായി ആചരിക്കുന്നവ' എന്നാണിതിന്റെ അർഥം.

'റവാതിബു'കളുടെ റക്അത്തുകൾ അധികരിപ്പിച്ചുകൊണ്ട് താഴെ പറയും വിധത്തിലും നമസ്കരിക്കാവുന്നതാണ്: ظهر ന്റെ മുമ്പും ശേഷവും നന്നാല്, عصر ന്റെ മുമ്പ് നാല്, مغرب ന്റെ മുമ്പും ശേഷവും ഈരണ്ട്, صبح ന്റെ മുമ്പ് രണ്ട്. എന്നാൽ വളരെ ബലപ്പെട്ട സുന്നത്തുകളായിട്ടുള്ളത് ആദ്യം പറഞ്ഞ പത്തു റക്അത്തുകളാകുന്നു. സുന്നത്തു നമസ്കാരങ്ങളിൽ 'ഫാത്തിഹ'യുടെ ശേഷം ഖുർആനിൽനിന്ന് ഏതെങ്കിലും സൂറത്ത് ഓതുന്നത് ഉത്തമമാകുന്നു.

ഫർദു നമസ്കാരത്തിന്റെ സമയമായാൽ അതിന്റെ മുമ്പുള്ള സുന്നത്തു നമസ്കാരത്തിന്റെ സമയമായി. ഫർദു നമസ്കരിച്ചു കഴിഞ്ഞാൽ ശേഷമുള്ള സുന്നത്തു നമസ്കാരത്തിന്റെ സമയവും ആയി.

## 'വിത്റ്' (الوِتْرُ)

വിത്റ് ഏറ്റവും ബലപ്പെട്ട സുന്നത്താകുന്നു. അതിൽ ഉപേക്ഷ വരുത്താതിരിക്കുവാൻ വളരെ ശ്രദ്ധിക്കണം. ഇശാഅ് നമസ്കരിച്ചു കഴിഞ്ഞാൽ വിത്റിന്റെ സമയമായി. പിന്നെ അതിന്റെ സമയം സുബ്ഹ് വരെ നീണ്ടു നില്ക്കുന്നു. ഇശാഅ് നമസ്കാരത്തിന്റെ ശേഷമുള്ള സുന്നത്തു നമസ്കാരം കഴിഞ്ഞ ശേഷമാണ് വിത്റ് നമസ്കരിക്കേണ്ടത്. വിത്റ് ഒന്നോ, മൂന്നോ, അഞ്ചോ, ഏഴോ, ഒമ്പതോ, പതിനൊന്നോ റക്അത്തുകളായി നമസ്കരിക്കാം. ഏതായാലും അവസാനത്തെ റക്അത്ത് ഒറ്റയായിരിക്കണം.

മൂന്നു റക്അത്ത് വിത്റ് നമസ്കരിക്കുകയാണെങ്കിൽ ആദ്യത്തെ രണ്ടു റക്അത്തിന്റെ അവസാനത്തിൽ തശഹ്ഹുദും സ്വലാത്തും ചൊല്ലി സലാം ചൊല്ലി വിരമിക്കുകയും പിന്നെ ഒറ്റ റക്അത്ത് നമസ്കരിക്കുകയും ചെയ്യാം. അല്ലെങ്കിൽ മഗ്രിബ് നമസ്കരിക്കുന്നതുപോലെ ആദ്യത്തെ അത്തഹിയ്യാത്തിന്റെ ശേഷം സലാം ചൊല്ലി വിരമിക്കാതെ ഒരു റക്അത്ത് തുടർത്തി നമസ്കരിക്കുകയും ചെയ്യാം. ആദ്യത്തെ തശഹ്ഹുദിന്നിരിക്കാതെ മൂന്ന് റക്അത്ത് ഒന്നായി നമസ്കരിച്ച ശേഷം അവസാനം അത്തഹിയ്യാത്തും സ്വലാത്തും മറ്റും ചൊല്ലി സലാം പറഞ്ഞു പിരിയുകയും ചെയ്യാം.

വിത്റ് മൂന്നു റക്അത്ത് നമസ്കരിക്കുമ്പോൾ ആദ്യത്തെ റക്അത്തിൽ ഫാതിഹയുടെ ശേഷം سَبِّحِ اسْمَ رَبِّكَ .....الخ എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ قُلْ يَا أَيُّهَا الْكَافِرُون (الكافرون) എന്ന സൂറത്തും മൂന്നാമത്തേതിൽ സൂറത്തുൽ ഇഖ്ലാസും( سورة الاخلاص ) മുഅവ്വദതൈനിയും ( معوذتين ) ഓതുന്നത് ഉത്തമമാകുന്നു. വിത്റ് നമസ്കാരത്തിനു ശേഷം سُبْحَانَ الْمَلِكِ الْقُدُّوس എന്ന് മൂന്ന് പ്രാവശ്യം അല്പം ഉറക്കെ ചൊല്ലുന്നതും സുന്നത്താകുന്നു. ശേഷം رَبِّ الْمَلَٰئِكَةِ وَالرُّوح എന്നു ചൊല്ലുന്നതും സുന്നത്താണ്.